## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2062.** **05.10.2016 ന് മറുപടിയ്ക്ക്**

## മദ്യവർജ്ജനത്തിനായി കർമ്മപരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യവർജ്ജന നടപടികളുടെ ഭാഗമായി എന്തെല്ലാം കർമ്മപരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്? വിശദവിവരം നൽകുമോ; | (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി -യുവജന മഹിളാസംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>റയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലെയും സി.സി.റ്റി.വി. വഴിയും, കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ഗുരുതര സാമൂഹ്യ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മയക്ക മരുന്നിന്റെ ഉപയോഗംമൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നതിന് 9061178000 വാട്ട്സ്-അപ്പ് സംവിധാനം ആരംഭിയ്ക്കുകയും 155358 എന്ന ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഈ വിഷയം ഉൾപ്പെടുത്തുന്നത് ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ബി) | ഉണ്ട്. |
| (സി) | സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെക്കൂടി ഇക്കാര്യത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | എക്സൈസ് വകുപ്പ് എസ്.പി.സി-യുമായി ചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ